**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4706** **19-03-2025 - ൽ മറുപടിയ്ക്ക്**

**ആലുവ മണ്ഡലത്തിലെ ജൽജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽജീവൻ പദ്ധതിയുടെ ഭാഗമായി ആലുവ മണ്ഡലത്തിൽ കുഴിച്ച ഏതെല്ലാം റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാനുണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (എ) | കീഴ്മാട് പഞ്ചായത്തിൽ ചാലക്കൽ തടിയിട്ടപറമ്പ്, കുട്ടമശ്ശേരി, ചുണങ്ങംവേലി എന്നീ റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാനുണ്ട്. എടത്തല പഞ്ചായത്തിൽ കൊച്ചിൻ ബാങ്ക് മണലിമുക്ക് റോഡിന്റെ കുറച്ചു ഭാഗവും, മുതിരക്കാട്ട് മുഗൾ തൈക്കാവ് റോഡ്, എവർഗ്രീൻ റോഡ് എന്നിവയും പൂർവ്വസ്ഥിതിയിലാക്കാനുണ്ട്. |
| (ബി) | റോഡുകൾ പൂർവ്വസ്ഥിതിയിലാക്കിയതിന് കരാറുകാർക്ക് എത്ര തുകയാണ് കുടിശികയായി നൽകാനുള്ളതെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (ബി) | കീഴ്മാട് പഞ്ചായത്തിൽ 76,88,259/- രൂപയും എടത്തല പഞ്ചായത്തിൽ 2,62,476/- രൂപയും റോഡുകൾ പൂർവ്വസ്ഥിതിയിലാക്കിയതിന് കരാറുകാർക്ക് കുടിശ്ശികയായി നൽകാനുണ്ട്. |
| (സി) | പ്രസ്തുത കുടിശിക കൊടുത്തുതീർക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | കേന്ദ്ര- സംസ്ഥാന സർക്കാരുകൾ 50:50 എന്ന് അനുപാതത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ. പദ്ധതിയുടെ കുടിശ്ശികകൾ സംസ്ഥാന തലത്തിലെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരമാണ് വിതരണം ചെയ്യുന്നത്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സീനിയോറിറ്റി ലിസ്റ്റ് ആസ്പദമാക്കി ജലജീവൻ മിഷനിലെ കുടിശികകൾ തീർപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ